**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2337** **12-10-2021 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണത്തിനായി കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി നൽകിയിട്ടുള്ളതുമായ പ്രൊപ്പോസൽ സംബന്ധിച്ച് മറുപടി കിഫ്ബിയ്ക്ക് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രപ്പോസലിന് അംഗീകാരം നൽകുവാനുള്ള കാലതാമസം വ്യക്തമാക്കാമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണത്തിനായി എസ്.പി.വി.- ആയ കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. പരിശോധിച്ച് നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന്മേലുള്ള മറുപടി ഹൌസിംഗ് ബോർഡ് (K.S.H.B) 1.9.2021-ന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ ഡിസൈൻ അവലോകനം നടത്തിയതിന്റെ പ്രാഥമിക റിപ്പോർട്ട് എസ്.പി.വി.-യ്ക്ക് 27.8.2021-ൽ നൽകിയിരുന്നുവെങ്കിലും മറുപടി റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഡിസൈൻ/അവലോകന റിപ്പോർട്ടിന്മേൽ K.S.H.B സമർപ്പിക്കുന്ന മറുപടി കിഫ്ബി മാനദണ്ഡ പ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (സി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം കഴിഞ്ഞ അഞ്ചുവർഷമായി മാറ്റിവച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഹൌസിംഗ് ബോർഡ് കിഫ്ബിയിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ